# Second Mid Term Evaluation

KP (G)

Std. 10

**Malayalam Paper II**

Time : 45 Mnts.

Score : 20

നിർദ്ദേശങ്ങൾ

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഏഴ് മിനിട്ട് സമാശ്വാസ സമയമായി കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം.

**1 മുതൽ 3 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക** (2x1=2)

1. നിറഞ്ഞ നിലവാൽ കമുകിൻപൂവരി തൂകി ഓണത്തപ്പനെ എതിരേറ്റത് ആര്?
   (തുമ്പ, മുക്കുറ്റി, നെയ്യാമ്പൽ, രാവ്)
2. ആ വൃദ്ധമുത്തശ്ശിയുടെ കാൽച്ചുവട്ടിലിരുന്നു മധുരം തിന്നു വളർന്നു. വൃദ്ധരായി <u>കാലയവനികയ്ക്കപ്പുറം</u> മറഞ്ഞിരിക്കുന്നു. അടിവരയിട്ട പദം അർത്ഥമാക്കുന്നത്.
   (കർട്ടന് പിറകിലേക്ക് പോയി, മരണമടഞ്ഞു, ഓടിപ്പോയി, അപ്പുറത്തെ വീട്ടിലേയ്ക്കു പോയി)
3. ശരിയായി പിരിച്ചെഴുതിയതേത്?
   (നെൽ + പ്പുര - നെൽപ്പുര, തേടി + യലഞ്ഞു - തേടിയലഞ്ഞു, ഈ + ആണ്ട് - ഈയാണ്ട്, തിരു+ വോണം - തിരുവോണം)

**4 മുതൽ 6 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക** (2x2=4)

4. 'അല്ലായ്കിലുണ്ടോ തേനൂറുന്ന കവിത രചിക്കാൻ അവർക്കു കഴിയുന്നു' വാചകം നൽകുന്ന ആശയസൂചനകൾ എന്തെല്ലാം?
5. 'നല്ലവർ പാർക്കുന്നെങ്കിൽ
   നീയും നന്നേ വാഴുക നിലമേ' ... - വരികളുടെ ആശയം കുറിക്കുക.
6. 'ആ കഥ അവൾക്കൊരു പ്രത്യേക അരുമത്തം കൂടെ നേടിക്കൊടുത്തു'. ഏത് സംഭവമാണ് ഇവിടെ സൂചിപ്പിക്കുന്നത്?

(P.T.O.)

**7 മുതൽ 9 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക** **(2x4=8)**

7. 'മാങ്ങാമരം' കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ 'അപരിഷ്കൃതമട്ടുകൾ' അവർ അറിയാനിടവരില്ല.
അടിവരയിട്ട പദത്തിന്റെ ആശയതലം കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

8. 'വെറ്റിലയൊന്നു മുറുക്കാ - നൊന്നു കൊറിക്കാൻ
നെല്ലു കിടച്ചാലായി'
വരികളിലൂടെ സൂചിതമായ കേരളീയസംസ്കാരത്തെക്കുറിച്ച് വിവരിക്കുക.

9. 'നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു-
മോണക്കോടിയുടുത്തൊരുഷസ്സേ'

- വരികളുടെ ആശയഭംഗി, ചമത്ക്കാരഭംഗി എന്നിവ വിശദമാക്കുക.

**10 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിനുത്തരം എഴുതുക.** **(1x6=6)**

10. 'മനുഷ്യനും മരങ്ങളും തമ്മിലുള്ള കേവലബന്ധം മാത്രമല്ല 'കൊച്ചുചക്കരച്ചി' എന്ന ലേഖനത്തിൽ പരാമർശിക്കുന്നത്. മറിച്ച് ചരാചരഭേദമില്ലാത്ത മനുഷ്യഭാവം എന്ന ആശയവും കൂടി ലേഖകൻ ചൂണ്ടിക്കാട്ടുന്നു'
ഈ അഭിപ്രായം പരിശോധിച്ച് നിരൂപണക്കുറിപ്പ് തയ്യാറാക്കുക.

11. 'പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്നു പ-
രിഷ്കാരത്തിൻ തിണ്ണയിലുള്ളവർ'
കേരളീയസംസ്കാരത്തിന്റെ വർത്തമാനകാലാവസ്ഥ സൂചിപ്പിക്കുന്ന ഈ വരികളുടെ സാധുത പരിശോധിച്ച് 'ഓണം അന്നും ഇന്നും' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.